**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2225** **11.03.2020-ൽ മറുപടിക്ക്**

## സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട്

**ചോദ്യം** **മറുപടി**

**ശ്രീ.എൻ. ഷംസുദ്ദീൻ**

**ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സഹകരണ ബാങ്കുകളിൽ റിസ്ക് ഫണ്ട് ആരംഭിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (എ) | സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ നിയമാവലി വ്യവസ്ഥകൾ പ്രകാരവും, സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ അനുസരിച്ചും സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് ധാരാളം അപേക്ഷകൾ ലഭിച്ചിട്ടും ഇതിൽ തീരുമാനമെടുക്കാതെ അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് വിവിധ സഹകരണ സംഘങ്ങളിൽ നിന്നും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ചില ജില്ലകളിൽ തീരുമാനം എടുക്കുന്നതിനായി കുടിശ്ശികയുണ്ട്. |
| (സി) | എങ്കിൽ അടിയന്തരമായി പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യം അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അപേക്ഷകന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിന് സർക്കാർ സ്ഥാപനമായ സി-ഡിറ്റുമായി പ്രാരംഭ കത്തിടപാടുകൾ നടത്തി വരുന്നുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്കും, ബോർഡ് ജീവനക്കാരുടെ കുറവ് പരിഹരിക്കുന്ന മുറയ്ക്കും അപേക്ഷകൾ കാലതാമസം |

| | | | |
|---|---|---|---|
| | | | കൂടാതെ തീർപ്പ് കൽപ്പിക്കുന്നതാണ്. അതാത് സംഘം/ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ച് വരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യം അനുവദിക്കുകയുമാണ് നിലവിൽ ചെയ്ത് വരുന്നത്. |

**സെക്ഷൻ ഓഫീസർ**